**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2207 04.11.2019- ൽ മറുപടിയ്ക്ക്

**കേരള സാമൂഹ്യ സുരക്ഷാ മിഷൻ**

ചോദ്യം

ശ്രീ.എൻ.ഷംസുദ്ദീൻ

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സാമൂഹ്യസുരക്ഷാ മിഷന്റെ (കെ.എസ്.എസ്.എം.) ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ, സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്ന സ്ത്രീകൾ, ഗുരുതര രോഗാവസ്ഥയിലുള്ളവർ എന്നിവർക്ക വേണ്ടി വിവിധ പദ്ധതികൾ നടപ്പാക്കുകയാണ് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (ബി) | പ്രസ്തുത മിഷന്റെ എക്സിക്യൂട്ടീവ് ഓഫീസർ, പ്രോഗ്രാം കോർഡിനേറ്റർ എന്നീ തസ്തികകളിലേയ്ക്ക് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; പ്രസ്തുത യോഗ്യതകൾ ഉള്ള വ്യക്തികളെയാണോ പ്രസ്തുത സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുള്ളത്; ഇല്ലെങ്കിൽ ഇവരെ നിയമിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പ്രകാരം ഒരു സാമൂഹ്യ ശാസ്ത്രജ്ഞനോ ഭരണ പ്രാവീണ്യമുള്ള ഒരു ഉദ്യോഗസ്ഥനെയോ ആണ് മിഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിക്കേണ്ടത്. കേരള സാമൂഹ്യ സുരക്ഷാ മിഷനിലെ വിവിധ തസ്തികകളിലേയ്ക്കുള്ള യോഗ്യതകൾ നിശ്ചയിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. |
| (സി) | കെ.എസ്.എസ്.എം.ൽ ജോലിയിൽ നിന്നും പിരിച്ചു വിട്ടവർ ആരെങ്കിലും ഇപ്പോൾ അവിടെ പ്രോജക്ട് കോർഡിനേറ്റർ തസ്തികയിൽ ജോലി ചെയ്യുന്നുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ ഇവർ ആരെല്ലാമാണെന്നും മുൻപ് ഇവരെ പിരിച്ചു വിടാനുണ്ടായ സാഹചര്യമെന്താണെന്നും വിശദമാക്കാമോ? | (സി) | ജോലിയിൽ നിന്നും പിരിച്ചു വിട്ടവർ ആരും തന്നെ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ പ്രോജക്ട് കോർഡിനേറ്റർ തസ്തികയിൽ ജോലി ചെയ്യുന്നില്ല. |

**സെക്ഷൻ ഓഫീസർ**